©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഒക്ടോബർ 27<br>27th October 2020<br>1196 തുലാം 11<br>11th Thulam 1196<br>1942 കാർത്തികം 5<br>5th Karthika 1942 | നമ്പർ<br>No. 2543 |

ഫോറം നമ്പർ 7
(RFCT LARR ചട്ടം 18(1) കാണുക
RFCT LARR ആക്ട് വകുപ്പ് 11 (1) പ്രകാരം പരസ്യപ്പെടുത്തുന്ന
പ്രാഥമിക വിജ്ഞാപനം.

**നമ്പർ: DCKKD/3965/2017B4** **22nd October 2020**

WHEREAS, Government of Kerala as per G.O(P) No.649/2015/RD. dtd: 04/12/2015 appointed the Special Tahsildar (LA), Kozhikode to perform the function of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in land acquisition Rehabilitation and Resettlement Act 2013.

AND WHEREAS, the government hereby appoint the Deputy Collector (LA) Kozhikode as the administrator for the purpose of Rehabilitation and Resettlement to the proposed acquisition.

AND WHEREAS, it appear to the government that the land specified in the schedule below is needed or is likely to be needed for public purpose to wit for the constuction of Nadammalkadavu Bridge and Approach Road.

NOW THEREFORE notice is hereby given to that effect to whom so ever it may concern in accordance with the provisions of sub section (1) of section 11 of the Right to Fair Compensation and Transparency in land acquisition Rehabilitation and Resettlement Act 2013.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

All persons interested in the said land are accordingly required to lodge before the Special Tahsildar (LA), Kozhikode, Civil Station, Kozhikode within 60 days from the Publication of the above notification or after giving public notice regarding this which ever is later a statement in writing of their objections if any regarding the updating of the land records or title in respect of the land proposed for acquisition. Any objections/statements which is received after the due date or which does not clearly explained as to how the objector is interested in the land is liable to be summarily rejected.

A summary of social impact Assessment Report is given below, which is available in the official website www.kozhikode.nic.in

കേരള സർക്കാർ 04/12/2015 തീയതിയിലെ ജി.ഒ.(പി)No. 649/2015/ആർഡി നമ്പർ വിജ്ഞാപന പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ എ ജനറൽ, കോഴിക്കോടിനെ നടമ്മൽക്കടവ് പാലം അനുബന്ധറോഡ് നിർമാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നും വില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കലക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് നടമ്മൽക്കടവ് പാലം അനുബന്ധ റോഡ് നിർമാണത്തിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നത് കൊണ്ടും,

ആയത്കൊണ്ട് ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരു അറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താത്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ അറുപത് ദിവസത്തിനുള്ളിലോ ഇരു സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം അറുപത് ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭിക്കുന്നത് അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൊന്നും വിലക്കെടുക്കുന്ന ഭൂമിയിൻമേൽ ഭൂരേഖകളുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, ഏന്തെങ്കിലും ഉണ്ടെങ്കിൽ രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ (എൽ എ) കോഴിക്കോട് മുൻപാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ആക്ഷേപങ്ങളും ആക്ഷേപകന് ഭൂമിയിന്മേലുള്ള താൽപര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും. ഏറ്റെടുക്കുന്ന ഭൂമിയുടെ കൈവശക്കാരായ ആളുകളുടെ വിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. നടമ്മൽകടവ് പാലം അനുബന്ധറോഡിനുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിലെ നിലവിലെ കൈവശക്കാരുടെ വിവരങ്ങൾ.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഒദ്യോഗിക വെബ്സൈറ്റായ www.kozhikode.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

## സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം

കോഴിക്കോട് ജില്ലയിൽ, താമരശ്ശേരി താലൂക്കിൽ പുത്തൂർ വില്ലേജിൽ ഉൾപ്പെട്ട 0.2711 ഹെക്ടർ ഭൂമിയാണ് നടമ്മൽകടവ് പാലം അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നതുമൂലം ഭൂമി കൈവശക്കാരുടെ തൊഴിലിനോ, വരുമാനത്തിനോ, അവിടത്തെ പരിസ്ഥിതിക്കോ, പൊതു ഇടങ്ങൾക്കോ വീടുകൾക്കോ സ്ഥാപനങ്ങൾക്കോ യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ലായെന്നും ആരെയും കുടി ഒഴിപ്പിക്കേണ്ടതില്ല എന്നും RFCT LARR നിയമം 2013 പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാമെന്ന് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയ സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിദഗ്ദ സമിതി റിപ്പോർട്ട് ജില്ലാകളക്ടർ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും സമുചിത ഗവൺമെന്റ് ഉത്തരവിന്റെയും പകർപ്പുകൾ ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

(ഏകദേശ വിസ്തീർണമാണ് നൽകിയിരിക്കുന്നത്)

ജില്ല : കോഴിക്കോട് വില്ലേജ് : പുത്തൂർ

താലൂക്ക് : താമരശ്ശേരി ദേശം : കൊടിയത്തൂർ

| ക്ര.നം | റീ സർവേ നം | വിവരണം | ഏകദേശ വിസ്തീർണം( ഹെക്ടർ | ഏത്, പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം | കൈവശക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 44/ഭാഗം | തോട്ടം | 0.0301 | നടമ്മൽക്കടവ് പാലവും അനുബന്ധറോഡ് നിർമാണത്തിന് | കുടിയൊഴിപ്പിക്കൽ ഇല്ല | 1. വടക്കേ അപ്പമണ്ണിൽ ആയിഷ മുതൽ പേർ |
| 2 | 45/ഭാഗം | തോട്ടം | 0.0600 | | | 2. വടക്കേ അപ്പമണ്ണിൽ ഹുസ്സൈൻ |
| 3 | 92/ഭാഗം | തോട്ടം | 0.0635 | | | 3. തെക്കേ അപ്പമണ്ണിൽ ആസ്യ മുതൽ പേർ, അബൂബക്കർ, കൂടത്തിങ്കൽ, ഹമീദ് പുഴങ്കര |
| 4 | 25/ഭാഗം | തോട്ടം | 0.0736 | | | 4. അബ്ദുള്ള നടമ്മൽ, അബൂബക്കർ വാലിയിൽ |
| 5 | 101/ഭാഗം | തോട്ടം | 0.0439 | | | 5.ആലി ഹൈദർ നടമ്മൽ മുതൽ പേർ |
| ആകെ | | | 0.2711 | | | |

ഒപ്പ്

ജില്ലാ കലക്ടർ

കോഴിക്കോട്

**വിശദീകരണക്കുറിപ്പ്.**

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ പുത്തൂർ വില്ലേജിൽ നടമ്മൽകടവ് പാലം അനുബന്ധ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏകദേശം 0.2711 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനിയർ, പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ), കോഴിക്കോട് സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനാൽ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.10.27 06:50:48 +05:30